LIBRARY ARCHIVES Kerala Legislative Assembly

## 10. കാലവർഷക്കെടുതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരാഴ്ചയോളമായി പെയ്യുന്ന മഴയും കാറ്റും മണ്ണാർക്കാട് താലൂക്കിലുണ്ടാക്കിയ ദുരന്തങ്ങൾ വളരെ വലുതാണ്. ഏറ്റവും രൂക്ഷമായ സ്ഥിതിവിശേഷമുള്ളത് അട്ടപ്പാടി മേഖലയിലാണ്. ഇവിടെ 200-ഓളം വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. വ്യാപകമായ കൃഷിനാശം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. ഉരുൾപൊട്ടി ധാരാളം റോഡുകൾ ഒലിച്ചുപോയിട്ടുണ്ട്. ഇതുവഴി അട്ടപ്പാടിയിലെ ഗതാഗതം താറുമാറായിരിക്കുകയാണ്. അട്ടപ്പാടിയിലെ മുഞ്ചിക്കടവ്-കോട്ടമല പ്രദേശത്തെ 85-ഓളം കുടുംബങ്ങൾ തൊട്ടടുത്ത സ്കൂളിലാണ് താമസിക്കുന്നത്. കോട്ടമല ഗവൺമെന്റ് എൽ.പി. സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പുണ്ട്. പള്ളിയറ പ്രദേശത്തെ 50-ളം കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പിലാണ്. ചിറ്റൂർ-തുണ്ടൂർ പ്രദേശങ്ങളിലും വീടുകൾ തകർന്നിട്ടുണ്ട്. കൃഷിനാശം അട്ടപ്പാടിയിൽ ഉടനീളം വ്യാപകമാണ്. ഏകദേശം 20 കോടിയോളം രൂപയുടെ നാശനഷ്ടങ്ങളാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. വളരെ ഭീതിജനകമായ ഒരു ചിത്രമാണ് കാണാൻ സാധിക്കുന്നത്. റോഡ് മുഴുവൻ ബ്ലോക്കായി എവിടെയും ഗതാഗതത്തിന് പറ്റാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ആളുകളൊക്കെ ദുരിതാശ്വാസ ക്യാമ്പിലാണ്. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. ഇവിടെ വീട് തകർന്നവർക്ക് അടിയന്തര ധനസഹായം നൽകാൻ പ്രത്യേക പദ്ധതിയുണ്ടാകണം. സാധാരണരീതിയിൽ ധനസഹായം പ്രഖ്യാപിച്ചാൽ വളരെ സമയം കഴിഞ്ഞാണ് അത് കിട്ടുന്നത്. അവിടെ താമസിക്കുന്നത് പാവപ്പെട്ട കർഷകരാണ്. അവർക്ക് മറ്റൊരു മാർഗ്ഗവുമില്ല. ഒരു പ്രത്യേക പാക്കേജായി അവർക്ക് സഹായം നൽകാനുള്ള സൗകര്യമുണ്ടാകണം. മുഞ്ചിക്കടവ്-കോട്ടമല പ്രദേശത്ത് മലയിൽ വിള്ളൽ വീണ സാഹചര്യത്തിൽ ഇനി അവിടെ താമസിക്കുന്നത് അപകടകരമായതിനാൽ അട്ടപ്പാടിയിലെ മിച്ചഭൂമി ഈ വീട്ടുകാർക്ക് പതിച്ചുനൽകുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കണം. അവർക്ക് തിരികെ ആ വീട്ടിൽപ്പോയി താമസിക്കാൻ സാധിക്കില്ല. മലയിൽ വലിയ തോതിലുള്ള വിള്ളൽ രൂപപ്പെട്ടിട്ടുണ്ട്. ഇനിയൊരു ചെറിയ മഴയോ കാറ്റോ ഉണ്ടായാൽ അവിടെ താമസിക്കുന്നത് ജീവന് തന്നെ ഭീഷണിയാണ്. അതുകൊണ്ട് അവർക്ക് മിച്ചഭൂമി പതിച്ചുകൊടുക്കാൻ ഒരു പ്രത്യേക പാക്കേജുണ്ടാക്കണം. തകർന്ന റോഡുകൾ, വൈദ്യുതി, ജലവിതരണം മുതലായവ പുനഃസ്ഥാപിക്കുന്നതിനും കൃഷിക്കാർക്ക് ഇതുവരെ കൊടുത്തുതീർക്കുവാനുള്ള നഷ്ടപരിഹാരവും ഇപ്പോഴത്തെ നഷ്ടപരിഹാരവും ഒരുമിച്ചു നൽകുവാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കാലവർഷക്കെടുതിയിൽ കഴിഞ്ഞ ദിവസങ്ങളിൽ അട്ടപ്പാടി മേഖലയിലുണ്ടായ കനത്ത നാശനഷ്ടങ്ങൾ സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ പ്രാഥമികമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട അഗളി, ഷോളയൂർ, പുത്തൂർ പഞ്ചായത്തുകളിൽ പൊതുവായും അഗളി പഞ്ചായത്തിലെ നെല്ലിമൊതി, കോട്ടമല, പുല്ലിയറ, ചുണ്ടക്കുളം എന്നീ പ്രദേശങ്ങളിൽ പ്രത്യേകിച്ചും കനത്ത മണ്ണിടിച്ചിൽ മൂലവും മരങ്ങൾ കടപുഴകി വീണതുമൂലവും ഏകദേശം 170 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും മണ്ണും പാറയും വീണ് റോഡുകൾ തകരുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ വ്യാപകമായ കൃഷിനാശവുമുണ്ടായിട്ടുണ്ട്. കനത്ത മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ അഗളി പഞ്ചായത്തിലെ 82 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് മറ്റ് 50 കുടുംബങ്ങളെക്കൂടി മറ്റൊരു ക്യാമ്പിലേക്ക് മാറ്റിയിട്ടുണ്ടെന്നുള്ളതാണ്. ഇനിയും കൂടുതൽ ക്യാമ്പുകൾ തുറക്കേണ്ടിവന്നാൽ അത് തുറക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഇതിനകംതന്നെ നൽകിയിട്ടുണ്ട്. ആദിവാസി കുടുംബങ്ങൾ ഏറെയുള്ള ഈ മേഖലയിൽ ജനങ്ങളുടെ ദുരിതങ്ങൾക്ക് താൽക്കാലിക പരിഹാരമെന്നുള്ള നിലയിൽ അട്ടപ്പാടി മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും രണ്ടാഴ്ചത്തെ സൗജന്യ റേഷൻ അനുവദിച്ച് 26-6-2015-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സംഭവമുണ്ടായ ദിവസം തന്നെ എന്നെയും ബഹുമാന്യനായ മുഖ്യമന്ത്രിയേയും കാര്യങ്ങൾ അറിയിച്ചിരുന്നു. സൗജന്യറേഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചാണ് സൗജന്യറേഷൻ നൽകാൻ 26-6-2015-ന് തന്നെ ഉത്തരവിറക്കിയിട്ടുള്ളത്. ഏകദേശം അഞ്ചരക്കോടി രൂപയോളം പ്രാഥമിക നഷ്ടമുണ്ടായതായാണ് ജില്ലാകളക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. നാശനഷ്ടങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകുന്നതിന് വകുപ്പുമന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരുകാര്യം വീടുകൾ തകർന്നവർക്ക് അടിയന്തര സഹായം നൽകണമെന്നുള്ളതാണ്. തീർച്ചയായും കൃഷിക്കാർക്കും വീടുകൾ തകർന്നിട്ടുള്ള ആളുകൾക്കും അടിയന്തര സഹായം നൽകുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അട്ടപ്പാടിയിലെ മിച്ചഭൂമി പതിച്ചു നൽകണമെന്ന ആവശ്യം അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. അക്കാര്യത്തെക്കുറിച്ച് പരിശോധന നടത്തുന്നതാണ്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly